**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1786** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ രംഗത്തെ പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നതവിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നതവിദ്യാഭ്യാസ രംഗത്ത് സെന്റർസ് ഓഫ് എക്സലൻസ്, സ്റ്റഡി ഇൻ കേരള, നാലുവർഷ ബിരുദ പ്രോഗ്രാം, K-REAP, B. Voc കരിക്കുലം പരിഷ്കരണം, എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം, കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക്, സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC), ബ്രെയിൻ ഗെയിൻ, ഇ -ജേർണൽ കൺസോർഷ്യം, ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്, കൈരളി ഗവേഷണ പുരസ്കാരങ്ങൾ, Let's Go Digital, DIGICOL, Kerala Academic Library Network-KAL NET, ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി എന്നിങ്ങനെ നിരവധി പദ്ധതികൾ / പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ബഹുമതികളും അവാർഡുകളുമാണ് ഈ സർക്കാരിന്റെ കാലത്ത് ഉന്നതവിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പ്രസിദ്ധീകരിച്ച നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക്, 2025-ൽ കേരള സർവ്വകലാശാല, കുസാറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല എന്നീ സംസ്ഥാന സർവ്വകലാശാലകൾ 5, 6, 17, 38 എന്നീ ക്രമത്തിൽ സ്ഥാനങ്ങൾ ലഭിച്ചിട്ടുണ്ട്. കൂടാതെ കോളേജുകളുടെ റാങ്കിംഗിൽ ആദ്യ 100 സ്ഥാനങ്ങളിൽ സംസ്ഥാനത്തെ 18 കോളേജുകൾ ഉൾപ്പെട്ടിട്ടുണ്ട്.<br><br>മഹാത്മാഗാന്ധി സർവ്വകലാശാല Q S റാങ്കിങ്ങിൽ രാജ്യത്തെ സർവ്വകലാശാലകളിൽ രണ്ടാം സ്ഥാനം നേടി. കൂടതെ മഹാത്മാഗാന്ധി സർവ്വകലാശാലയും CUSAT ഉം ടൈംസ് ഹയർ എഡ്യൂക്കേഷൻ റാങ്കിംഗിൽ 401-500 ബാൻഡിൽ ഉൾപ്പെട്ടു. CUSAT OS സസ്റ്റെയിനബിലിറ്റി റാങ്കിംഗിൽ രാജ്യത്ത് 38-ാം സ്ഥാനവും ടൈംസ് ഇൻറർ ഡിസിപ്ളിനറി |

| | | | | |
|---|---|---|---|---|
| | | | | സയൻസ് റാങ്കിംഗിൽ രാജ്യത്ത് 27- ാം സ്ഥാനവും നേടി.<br><br>കേരള സർവ്വകലാശാലയ്ക്ക് 2022 കാലഘട്ടത്തിലും, മഹാത്മാഗാന്ധി സർവ്വകലാശലയ്ക്ക് 2024 കാലഘട്ടത്തിലും NAAC A++ അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് 2021-22 അധ്യയനവർഷത്തിൽ NAAC റീ അക്രഡിറ്റേഷനിൽ (2nd Cycle) A+ ഗ്രേഡ് ലഭിച്ചിട്ടുണ്ട്. A+ ഗ്രേ ഡ് നേടിയ രാജ്യത്തെ ആദ്യത്തെ സംസ്കൃത സർവ്വകലാശാലയാണ് ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല. ബൗദ്ധിക സ്വത്തവകാശത്തെക്കുറിച്ച് (I PR) വ്യാപകമായ അവബോധം സൃഷ്ടി ക്കുന്നതിനായി കേന്ദ്ര സർക്കാർ ആരംഭിച്ച National Intellectual Property Awareness Mission (NIPAM) ൽ സജീവമായ പങ്കാളിത്തത്തിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് 2022 ആഗസ്റ്റ് 10 ന കേന്ദ്ര വാണിജ്യ മന്ത്രാലയത്തിൽ നിന്നും പ്രശംസാ പത്രം ലഭിച്ചിട്ടുണ്ട്.<br><br>കുറ്റിപ്പുറം എം.ഇ.എസ് എഞ്ചിനീയറിംഗ് കോളേജ് എൻ.എസ്സ്.എസ്സ് യൂണിറ്റ് മികച്ച യൂണിറ്റിനും പ്രസ്തുത കോളേജിലെ പ്രോഗ്രാം ഓഫീസർ ഡോ. സുനീഷ് പി. യു. മികച്ച പ്രോഗ്രാം ഓഫീസർക്കുമുള്ള 2022-23 വർഷത്തെ ദേശീയ അവാർ ഡുകൾ കരസ്ഥമാക്കി. |

സെക്ഷൻ ഓഫീസർ